DESPATCHED
On 15/06/2020

04/06/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 741*(7)/2014*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **4023**/*എസ്.ഐ.സി-ജി 6/14*)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീമതി രമണി പി.ആർ.,**
**മൊളുക്കുന്നേൽ വീട്,**
**പാത്തൻപാറ പി.ഒ., ആലക്കോട് വഴി,**
**കണ്ണൂർ – 670 571.** } **അപ്പീൽ ഹർജിക്കാരി**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   സീനിയർ സൂപ്രണ്ട്,
   സബ് കളക്ടറുടെ കാര്യാലയം, തലശ്ശേരി.

2. അപ്പീൽ അധികാരി&
   സബ് കളക്ഷർ, സബ് കളക്ടറുടെ കാര്യാലയം,
   തലശ്ശേരി, കണ്ണൂർ ജില്ല.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 09.12.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06.01.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 21.01.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 12.02.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 11.03.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 14.03.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 15.02.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി രമണി പി.ആർ.,

11.03.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 14.03.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.741(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 41 ദിവസം കഴിഞ്ഞിട്ടും മറുപടി നൽകാത്തതിനാൽ അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും 45 ദിവസം കഴിഞ്ഞിട്ടും മറുപടി ലഭിച്ചില്ലെന്നും ആകയാൽ മേൽ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരി 09.12.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 23.11.2011ന് ഡി.10486/11 ഉത്തരവിൻ പ്രകാരം ചാത്തൻപാറ സ്റ്റോൺ ക്രഷറിൽ നിന്നും കൊച്ചുകുഞ്ഞ് വെളുക്കുന്നേൽ ചാത്തൻപാറ, നരയൻകല്ലുതട്ട്, നടുവിൽ എന്നയാളുടെ വീട്ടിലേയ്ക്ക് എത്ര മീറ്റർ ദുരമുണ്ടെന്നാണ്. ആയതിന് 06.01.2014ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിച്ച ഡി 10486/11 നമ്പർ ഫയൽ ഓഫീസിലെ യഥാസ്ഥാനത്തുനിന്നും മാറ്റിവച്ചുപോയതിനാൽ ആയത് കണ്ടെത്തുന്നതിന് വേണ്ടിയുള്ള തെരച്ചിൽ തുടരുകയാണെന്നും ഫയൽ കണ്ടെത്തിയ ഉടൻ പരിശോധിച്ചതിനു ശേഷം ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുമെന്നാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 12.02.2014ന് നൽകിയ മറുപടിയിൽ ഹർജിക്കാരിയുടെ ഒന്നാം അപ്പീലിന്മേൽ നടപടിയെടുക്കേണ്ടത് അപ്പീൽ അധികാരി&സബ് കളക്ടർ, തലശ്ശേരി ആയതിനാൽ ടിയാളുടെ ഒറിജിനൽ അപേക്ഷ പ്രസ്തുത ഓഫീസിലേയ്ക്ക് അയച്ചുകൊടുക്കുകയും ഹർജിക്കാരിക്ക് മമറുപടി നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തുവെന്നുമാണ്.

4. ഒന്നാം എതിർകക്ഷി 10.05.2014ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഫയൽ ലഭ്യമാകാത്തതിനാൽ ആയത് തെരയുന്നതിന് സമയം ആവശ്യമായി വരികയും ഫയൽ ലഭിക്കാത്തതിനാൽ പ്രസ്തുത വിവരം രേഖപ്പെടുത്തി 06.01.2014ന് മറുപടി നൽകിയെന്നുമാണ്. ടി മറുപടിയിൽ അപ്പീൽ അധികാരി സബ്കളക്ടർ എന്നു വ്യക്തമാക്കിയിട്ടും ടിയാൾ ജില്ലാ കളക്ടർ,

കണ്ണൂർ മുമ്പാകെയാണ് അപ്പീൽ സമർപ്പിച്ചതെന്നും ആയതിനും മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. തലശ്ശേരി മണ്ഡലത്തിന്റെ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ സബ് കളക്ടർ ആയതിനാൽ 04.03.2014 മുതൽ ഇലക്ഷൻ സംബന്ധ മായി ഓഫീസിലെ ജോലിത്തിരക്ക് കാരണം പ്രസ്തുത ഫയൽ തെരയാൻ സാധിച്ചിട്ടില്ലെന്നും ആയത് കണ്ടുപിടിക്കുന്നതിനുള്ള ഊർജ്ജിത ശ്രമം നടന്നു വരികയാണെന്നും റിപ്പോർട്ട് ചെയ്തുവെന്നുമാണ്. ഫയൽ കണ്ടുകിട്ടാതെ വരുന്ന സാഹചര്യത്തിൽ പുന:സൃഷ്ടിക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ടിയാന് സുഖമില്ലാത്തതിനാലാണ് കഴിഞ്ഞ ഹിയറിംഗിന് ഹാജരാകാൻ സാധിക്കാത്തതെന്നും ഹർജിക്കാരിയുടെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയതായും ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ 06.01.2014ലെ മറുപടി ഹർജിക്കാരിയ്ക്ക് ലഭിച്ചിട്ടില്ലെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആകയാൽ ടിയാൾക്ക് ആയതിന്റെ പകർപ്പ് ഒരിയ്ക്കൽ കൂടി അയച്ചുകൊടുക്കണമെന്നും അയച്ചതായുള്ള രേഖയായ ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പു സഹിതം 7 ദിവ സത്തിനകം കമ്മീഷനിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നും കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജൂൺ 04-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

Ge/